"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിൽ പൂതക്കുളം ഗ്രാമപഞ്ചായത്തിലെ കോട്ടുവൻക്കോണം നഗറിൽ താമസിക്കുന്ന ശ്രീമതി. കൃഷ്ണമ്മയ്ക്ക് ലൈഫ് പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരമുള്ള നിരക്കിൽ ഭൂമിയും വീടും നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ)വകുപ്പ്**

സ.ഉ.(സാധാ) നം.1991/2025/LSGD തീയതി,തിരുവനന്തപുരം, 11-08-2025

---

പരാമർശം:-

1. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 20/01/2023 ലെ എച്ച്.ആർ.എംപി നമ്പർ 9340/1111/ 2019/കെ.എൽ.എം നമ്പർ ഉത്തരവ്
2. പൂതക്കുളം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 19/11/2024 ലെ സാധാരണ യോഗത്തിലെ 6(7) നമ്പർ തീരുമാനം
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡി നേഷൻ കമ്മിറ്റിയുടെ 24/06/2025 ലെ ഖണ്ഡിക 4.44 തീരുമാനം

**ഉത്തരവ്**

ഭൂമിയും വീടും ലഭ്യമാക്കുന്നതിനായി കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിലെ കോട്ടുവൻക്കോണം നഗറിൽ താമസിക്കുന്ന ശ്രീമതി. കൃഷ്ണമ്മ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനു നൽകിയ ഹർജ്ജിയിന്മേൽ ടിയാളെ ലൈഫ് പദ്ധതിയുടെ ഭൂരഹിത ഭവനരഹിത പട്ടികയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകണമെന്നും, മാനസികാസ്വാസ്ഥതയുള്ള ടിയാളുടെ മകനെ പുനരധിവാസകേന്ദ്രത്തിൽ സംരക്ഷണം നൽകുവാനും പരാമർശം -1 പ്രകാരം ബഹു.കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചു. പുനരധിവാസ കേന്ദ്രത്തിൽ താമസിക്കുന്നതിന് താത്പര്യമില്ലാത്തതിനാൽ ശ്രീമതി കൃഷ്ണമ്മയ്ക്കും ശാരീരികവശതകൾ നേരിടുന്ന മകനും സുരക്ഷിത താമസ സൗകര്യം ഒരുക്കുന്നതിനായി, ടി കുടുംബത്തെ ലൈഫ് പദ്ധതിയുടെ ഭൂരഹിത ഭവന രഹിത പട്ടികയിൽ ഉൾപ്പെടുത്തി മുൻഗണന പ്രകാരം ആനുകൂല്യം നൽകുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണയ്ക്ക് സമർപ്പിക്കാൻ പരാമർശം -2 പ്രകാരം പൂതക്കുളം ഗ്രാമപഞ്ചായത്ത് തീരുമാനിച്ചു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24/06/2025 ലെ യോഗം ഈ വിഷയം പരിശോധിച്ചു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിൽ പൂതക്കുളം ഗ്രാമപഞ്ചായത്തിലെ കോട്ടുവൻക്കോണം നഗറിൽ താമസിക്കുന്ന ശ്രീമതി.കൃഷ്ണമ്മയ്ക്ക് ലൈഫ് പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരമുള്ള നിരക്കിൽ ഭൂമിയും വീടും നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, പൂതക്കുളം ഗ്രാമപഞ്ചായത്ത്, കൊല്ലം

ശ്രീമതി.കൃഷ്ണമ്മ, കോട്ടുവൻക്കോണം നഗർ(സെക്രട്ടറി, പൂതക്കുളം ഗ്രാമപഞ്ചായത്ത് മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ(ഡിഎ) വകുപ്പ്

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 11-08-2025 12:44:10

സെക്ഷൻ ഓഫീസർ